DESPATCHED On 04/01/22

14/12/2021



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 108(6)/2021 എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2045/എസ്.ഐ.സി–ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 14.12.2021**

**ശ്രീമതി രാഖി പി.**
**1/532 അർച്ചന ഹൗസ്,**
**പോസ്റ്റ് അഴിഞ്ഞിലം,**
**വാഴയൂർ പഞ്ചായത്ത്,**
**മലപ്പുറം – 673 632** } **പരാതി ഹർജിക്കാരി**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**സീനിയർ സൂപ്രണ്ട്,**
**ജില്ല സാമൂഹ്യനീതി ഓഫീസ്,**
**കോഴിക്കോട്.** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21/12/2019 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/12/2019 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 02/02/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 05/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 27/04/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 13/12/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി രാഖി പി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയിലെ എല്ലാ ചോദ്യങ്ങൾക്കും എതിർകക്ഷി വ്യക്തമായി മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ വിവരങ്ങൾ വ്യക്തമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരി എതിർകക്ഷി മുമ്പാകെ 21.12.2019 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, പരാതിക്കാരിയുടെ കരാർ കാലാവധിക്കു മുമ്പ് KSCAT യിലെ ജോലിയിൽ നിന്ന് ഫറൂക്ക് കോളേജ് പ്രിൻസിപ്പാൾ ഇറങ്ങാൻ പറഞ്ഞത് സംബന്ധിച്ച് നടത്തിയ അന്വേഷണത്തോടനുബന്ധിച്ച് താഴെ പറയുന്ന വിവരങ്ങളാണ്.

1) മേൽ പറഞ്ഞതിനോടനുബന്ധിച്ച് എൻക്വയറി നടത്തിയതാരാണെന്നും

2) അവരുടെ പദവി എന്താണെന്നും

3) എപ്പോഴാണ് അന്വേഷണം നടത്താൻ ഫാറൂക്ക് കോളേജിൽ പോയതെന്നും എന്നിങ്ങനെ 17 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. പരാതി ഹർജിക്കാരിയുടെ 21.12.2019 ലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 30.12.2019 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു.

4. എതിർകക്ഷി 25.04.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ആന്റ് ടെക്നോളജി ആന്റ് എൺവിയോൺമെന്റും (KSCSTE) കോഴിക്കോട് ഫാറൂക്ക് കോളേജും സംയുക്തമായി 2015 മെയ് 28 മുതൽ 3 വർഷത്തേക്ക് ആരംഭിച്ച പ്രൊജക്ടിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരിയായിരുന്നു കുമാരി പി.രാഖിയെന്നും ടിയാളെ ഒരു വർഷത്തേക്കാണ് നിയമിച്ചതെങ്കിലും ഓരോ വർഷവും കരാർ പുതുക്കി വരികയായിരുന്നുവെന്നും 01.06.2018 ൽ 28.05.2019 വരെ പ്രൊജക്ട് കാലാവധി 1 വർഷത്തേക്കു കൂടി നീട്ടിയെങ്കിലും 2019 ജനുവരി മാസം വരെയുള്ള ഫണ്ട് മാത്രമാണ് KSCSTE ഫാറൂഖ് കോളേജിന് ലഭ്യമാക്കിയതെന്നും പ്രൊജക്ട് കാലാവധി അവ

സാനിക്കുന്നതുവരെയുള്ള കാലയളവിലേക്കുള്ള ഫണ്ട് ലഭ്യമാവും എന്ന പ്രതീക്ഷയിൽ ജീവനക്കാരുടെ സാലറി വിഹിതം ഫറോക്ക് കോളേജ് അഡ്വാൻസായി നൽകിയെന്നും തുടർന്ന് പ്രൊജക്ട് പ്രവർത്തന അനുമതിയും ഫണ്ടും ലഭ്യമാവാത്തതിനെ തുടർന്നാണ് അനുമതി ലഭിക്കുന്നതു വരെ ജോലിയിൽ തുടരേണ്ടതില്ല എന്ന് ഫറൂക്ക് കോളേജിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾ ജോലി നഷ്ടമായതിനെകുറിച്ചും ശമ്പള കുടിശ്ശിക ലഭിക്കുന്നതിനുമായി ബഹു.ജില്ലാകളക്ടർക്ക് പരാതി നൽകിയതെന്നും പ്രസ്തുത പരാതി അന്വേഷണത്തിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് കൈമാറിയതെന്നും ആയതിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതെന്നുമാണ്. KSCSTE യും ഫാറൂക്ക് കോളേജും സംയുക്തമായി ആരംഭിച്ച പദ്ധതിയിൽ നിയോഗിച്ച ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെല്ലാം കൈകാര്യം ചെയ്തിരുന്നത് KSCSTE യും ഫാറൂക്ക് കോളേജും ആയിരുന്നെന്നും ജോലി നഷ്ടമാവുകയും ശമ്പളം കുടിശ്ശികയാവുകയും ചെയ്തതിനെ തുടർന്ന് പരാതിക്കാരി ജില്ലാ കളക്ടർക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ആവശ്യമായ അന്വേഷണം നടത്തുക മാത്രമാണ് ജില്ല സാമൂഹ്യനീതി ഓഫീസർ ചെയ്തിട്ടുള്ളതെന്നും ടിയാളെ സംബന്ധിച്ച മറ്റു ഫയലുകളൊന്നും ടി കാര്യാലയത്തിൽ ഇല്ലാത്തതിനാലാണ് ടിയാളുടെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകാൻ സാധിക്കാതെ പോയതെന്നും ഈ കാലയളവിൽ ജില്ല സാമൂഹ്യനീതി ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീമതി ഷീബ മുംതാസ് ആണ് ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, പരാതി ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയിലെ എല്ലാ വിവരങ്ങൾക്കും മറുപടി ലഭ്യമാക്കിയതായി കാണുന്നില്ല. 13.12.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരി കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയിൽ ആവശ്യപ്പെട്ടിരുന്ന എൻക്വയറി റിപ്പോർട്ട് ടിയാൾക്ക് കമ്മീഷനിൽ പരാതി സമർപ്പിച്ചതിനു ശേഷം ലഭ്യമായതായി ടിയാൾ ഹിയറിംഗിൽ മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരി ബഹു.ജില്ലാകളക്ടർക്ക് നൽകിയ പരാതിയിൽ അന്വേഷണത്തി

നായാണ് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് കൈമാറിയതെന്നും ഈ കാലയള വിൽ ജില്ല സാമൂഹ്യനീതി ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്നത് ശ്രീമതി ഷീബ മുംതാസ് ആയിരുന്നു എന്നും ടിയാൾ ഇപ്പോൾ കാസർകോഡ് ഓഫീസിലേക്ക് സ്ഥലം മാറി പോയിട്ടുള്ളതാണെന്നുമാണ് ഹിയറിംഗിൽ പങ്കെ ടുത്ത എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത്. പരാതിക്കാരിയുടെ ചോദ്യ ങ്ങൾക്ക് മിക്കതിനും 'ബാധകമല്ല' എന്ന മറുപടിയാണ് എതിർകക്ഷി നൽകിയ തായി കാണുന്നത്. ആയത് വ്യക്തമാക്കി നൽകണം എന്നാണ് പരാതിക്കാരി യുടെ ആവശ്യം. വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാതിരിക്കു കയോ ലഭ്യമായ മറുപടി തൃപ്തികരം അല്ലെങ്കിലോ പരാതി ഹർജിക്കാരിയ്ക്ക് ആയതിന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിച്ച് മറുപടി തേടണമാ യിരുന്നു. എങ്കിലും ടിയാളുടെ വിവരാവകാശ അപേക്ഷയിലെ. 4, 8, 9, 10, 11, 12, 13, 14, 15, 16 എന്നീ ചോദ്യങ്ങൾക്ക് വ്യക്തതയുള്ള മറുപടി നൽകണമെന്ന പരാതി ഹർജിക്കാരിയുടെ അഭ്യർത്ഥന എതിർകക്ഷി അംഗീകരിച്ചതിന്റെ അടിസ്ഥാന ത്തിൽ ആയത് അംഗീകരിച്ചുകൊണ്ട് ഈ പരാതി ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 14-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm